# സാജയുടെ തിരോധാനശേഷം

സാജയുടെ തിരോധാനം ആദ്യം ഗ്രഹിച്ചത് അവളുടെ അമ്മയാണ്, പത്മജ.

അവൾ എന്നും സ്കൂൾ കഴിഞ്ഞ് അഞ്ചരക്കും ആറിനും ഇടക്കാണ് വീട്ടിൽ എത്തുന്നത്. അതേ സമയത്ത് ഗ്രാമത്തിൽ എത്തുന്ന ഒരു ബസ്സുണ്ട്. ഇപ്പോൾ ആറു മണി കഴിഞ്ഞ സ്ഥിതിക്ക് വണ്ടിവരികയും ആളുകളെ ഇറക്കിപ്പോവുകയും ചെയ്തിരിയ്ക്കണം.

പത്മജ അടുക്കളപ്പണിയുടെ തിരക്കിലായിരുന്നു. ആറുമണി കഴിഞ്ഞിട്ടും, മകൾ എത്തേണ്ട സമയം കഴിഞ്ഞിട്ടും ആദ്യം ഒന്നും ശ്രദ്ധിക്കുകയുണ്ടായില്ല. രണ്ടോ മൂന്നോ, പ്രാവശ്യം സാജയുടെ വളർത്തുന്ന പൂച്ച കിണി കരഞ്ഞുകൊണ്ട് അവരുടെ കാൽക്കലെത്തി മുട്ടുകയും ഉരുമുകയും ചെയ്തതുകൂടിയാണ്.

ഇരുട്ടുവ്യാപിച്ചപ്പോൾ, അടുക്കളയിലെ ലൈററ് ഇടേണ്ടിവന്നപ്പോൾ പത്മജ ഒരുഞെട്ടലോടുകൂടിആക്കാര്യംഓർമ്മിച്ചു. .

മകൾ എത്തിയിട്ടില്ല.

സന്ധ്യമയങ്ങിയല്ലോ; സമയം ഏറെയായല്ലോ..............

അവർ ഉമ്മറവാതിൽ തുറന്ന് പടിക്കലേക്ക് നോക്കിനിന്നു.

പടിക്കൽ കിണി അസ്വസ്ഥതയോടെ നടക്കുന്നുണ്ട്. ഇടയ്ക്കിടക്ക് കരയുന്നുമുണ്ട്.

പത്മജയുടെ നെഞ്ചിൽ അകാരണമായൊരു വിങ്ങൽ, ശ്വാസംമുട്ടൽ, ബോധം മറയുന്നത് പോലെ............

മോളുടെ കരയുന്ന മുഖം.

നാലഞ്ചുവർഷങ്ങൾക്ക് മുമ്പ് നാട്ടിലെ ആറ്റിൽ കുളിക്കവെ, നിലയില്ലാത്ത വെള്ളത്തിലേക്ക് ഇറങ്ങിപ്പോയി ഭയന്ന് കരയുന്ന മുഖം ആണ്....................

ചുവന്ന്തുടുത്ത്.........................

അന്നു ഭയന്നത്രജീവിതത്തിൽ ഒരിക്കലും ഭയന്നിട്ടില്ല.

ആരെല്ലാമോഓടികൂടിമോളെകരയിലെത്തിച്ചു.

അവളെ നെഞ്ചോടുചേർത്തു ഞെക്കിപ്പിടിച്ചു എത്ര അമർത്തിയിട്ടും, മോൾക്ക് ശ്വാസം മുട്ടുംവരെ അമർത്തിയിട്ടും അടുത്തില്ലെന്ന തോന്നലായിരുന്നു................

ച്ഛേ ! എന്തേ ഇപ്പോൾ അങ്ങിനെയൊക്കെ ചിന്തിക്കാൻ.

അവൾ മുകുന്ദേട്ടനെ വഴിയിൽ കണ്ടിരിക്കും. അച്ഛനും മകളും കൂടി എന്തേലും വാങ്ങാൻ ടൗണിൽ കറങ്ങുകയാവും. എന്നാൽ ഇന്നുവരട്ടെ രണ്ടുപറഞ്ഞിട്ടേയുള്ളൂ. രണ്ടുംകൂടി മനുഷ്യനെ തീ തീറ്റിക്കാൻ................

അതെങ്ങിനെയാ പറയാൻ തുടങ്ങുമ്പോഴേക്കും തനിക്ക് ഇഷ്ടമുള്ളതെന്തെങ്കിലും എടുത്തുനിരത്തും, അച്ഛനും മകളും ............. വിക്ക്നസ്സുകളെല്ലാം പഠിച്ചു വച്ചിരിക്കുകയല്ലേ.................

അവർ ഒരല്പ്പം ശക്തിയോടെതന്നെ വാതിൽ അടച്ച് അടുക്കളയിലേക്ക് നടന്നു.

കാപ്പിചൂടാക്കി വക്കണം. മുകുന്ദേട്ടൻ വന്നാലുടൻ ഒരു ചൂടുചായ നിർബ്ബന്ധമാണ് അഞ്ചുമണിവരെ തിരക്കേറിയജോലി കഴിഞ്ഞ് ഒന്നൊന്നരമണിക്കൂർ ബസ്സ് യാത്രയും കഴിഞ്ഞ് എത്തുന്നതല്ലേ ക്ഷീണമുണ്ടാകും. ഒരു ചായ ഉള്ളിൽ ചെന്നിട്ടേ വസ്ത്രങ്ങൾ അഴിക്കുകൂടി ചെയ്യുകയുള്ളൂ

കോളിംഗ് ബല്ലടിച്ചപ്പോൾ പത്മജ ആർത്തലച്ചാണ് എത്തിയത്.

വാതിൽ തുറന്നു.

മുകുന്ദനാണ് .

അവർ അയാൾക്ക് പിറകിൽ മകളെ തിരഞ്ഞു.

അവൾ ഒളിച്ചു നിൽക്കുകയാവും, കളികൂട്ടുന്നു................

മുകുന്ദൻ മുറിയിൽ കയറി.

നിമിഷങ്ങൾ കഴിഞ്ഞു.

എന്നിട്ടും സാജ പ്രത്യക്ഷപ്പെട്ടില്ല.

“മോൾ എവിടെ ?”

“ ങേ ?”

മുകുന്ദൻ തേങ്ങിപോയി

“എന്റെ മോൾ എവിടെ......... അവൾ ഇതുവരെ എത്തിയില്ലല്ലോ......... ?”

പത്മജ തകർന്ന ശിലപോലെ സോഫയിൽ അമർന്നു.

“നീ എന്താ ഈ പറയുന്നേ.......?”

ഒരു നിമിഷം മുകുന്ദനും തളർന്നുപോയി..

പെട്ടെന്ന്,

വളരെ പെട്ടന്ന് വാർത്തപരന്നു.

സാജ സ്ക്കൂൾ വിട്ട് എത്തിയില്ല.

വെളുത്ത് മെലിഞ്ഞ ഒരു പെൺകുട്ടി ..... വട്ട മുഖം, ആകർഷകമായ കണ്ണുകൾ, ശ്രദ്ധിക്കപ്പെടുന്ന ചിരി .......

നാട്ടിൽ ആ കുട്ടിയെ ശ്രദ്ധിക്കാത്തവരായി ആരും കാ

ണില്ല. നാട്ടിലെ യു. പി. സ്ക്കൂളിൽ വച്ച് എല്ലാറ്റിനും മുന്നിൽ അവൾ ഉണ്ടായിരുന്നു

പട്ടണത്തിലെ ഹൈസ്ക്കൂളിൽനിന്നും പത്താം തരം കഴിഞ്ഞത് സ്വർണ്ണമെഡലും വാങ്ങിയിട്ടാണ്.

അവിടെ തന്നെ ഹയർ സെക്കണ്ടറിക്ക് ചേർന്നിട്ട് ഒരുവർഷമേ

ആയിട്ടുള്ളൂ.

പതിനാറോ, പതിനേഴോ വയസ്സ്.

രാവിലെ അവൾ സ്കൂളിൽ പോകുമ്പോൾ കടുത്ത നീലനിറത്തിലുള്ള മിഡ്ഡിയും ടോപ്പുമായിരുന്നു വേഷം.

നാട്ടിലെ കിണറുകൾ, കുളങ്ങൾ, പൊന്തകൾ, കുറ്റികാട്ടുകൾ, എല്ലാം നാട്ടുകാർ തിരഞ്ഞു.

അടുത്തഗ്രാമങ്ങളിലും, പട്ടണങ്ങളിലും, ബന്ധുഗ്രഹങ്ങളിലും, സ്നേഹഭവനങ്ങളിലും തേടി.

പത്രത്താളുകളിലും ടിവിസ്ക്രീനിലും ആ സുന്ദരമായ മുഖം പുഞ്ചിരിയോടെ തെളിഞ്ഞു കണ്ടു.

പത്മജ ഇരുളും വെളിച്ചവും ഇല്ലാത്ത ലോകത്ത് മെഴുക്കും, അഴുക്കും കൂടികലർന്ന ഏതോ ഒരുകയത്തിന്റ അടിത്തട്ടിൽ അകപ്പെട്ട് ദിശയറിയാതെ തപ്പിതടഞ്ഞുനടന്നു.

മുകുന്ദൻ സ്വപ്നാടനക്കാരനായി അലഞ്ഞു. ഇടക്കിടക്ക് ഒരേ സ്വപ്നം തന്നെ വീണ്ടും വീണ്ടും കണ്ട് ഞെട്ടിയുണർന്നു.

വിശാലവും മേഘാവൃതവുമായ ആകാശം ശൂന്യമാണ്. പക്ഷേ, പെട്ടെന്ന് എവിടെനിന്നോ ഒരു പ്രാകുഞ്ഞ് ദൃഷ്ടിപഥത്തിൽ എത്തുന്നു. വെളുത്തനിറവും മനോഹരവുമായ കുറുകിയ കഴുത്തും, നന്നേകറുത്ത കണ്ണുകളും മഷിയെഴുതിയതുപോൽ വ്യക്തമായ പുരികങ്ങളും......................

പ്രാ കുഞ്ഞിനെ തുടർന്ന് മൂന്നുനാല് പ്രാപ്പിടിയന്മാരും.

പ്രാപ്പിടിയന്മാർ ആ കുഞ്ഞിനോട് അടുത്തുകൊണ്ടിരിക്കയാണ്. ആ കുഞ്ഞ് എത്ര വേഗത്തിൽ പറന്നിട്ടും അവരിൽ നിന്നും അകലാൻ കഴിയുന്നില്ല. അതിന്റ ചിറകുകൾ തളരുകയാണ്. മോഹാലസ്യത്തിൽ അമരുകയാണ്.

അല്ല............ അതൊരു പ്രാകുഞ്ഞല്ല.

അത് സാജമോളല്ലേ...... ?

സാജ മോളെ......................!

അടിവസ്ത്രംമാത്രം ധരിച്ച് ലോക്കപ്പിലെ തറയിൽ ചുരുണ്ടുകൂടികിടന്നു, വിവേക്.

രാത്രിയിൽ വളരെ ഇരുട്ടിയശേഷമാണ് ഹോസ്റ്റലിലെ മുറിയുടെ വാതില്ക്കൽ പോലീസ് വിവേകിനെ തട്ടിവിളിച്ചത്. വാതിൽ തുറന്ന് അന്താളിപ്പ് മാറും മുമ്പുതന്നെ ഷർട്ടിൽകുത്തിപിടിച്ച് പോലീസുകാരൻ അവനെ വലിച്ചിഴച്ചു. നിസ്സഹായനായി ചുറ്റും നോക്കിയപ്പോൾ സ്നേഹിതർ, വാർഡനച്ചൻ ഒന്നും ചെയ്യാനാവാതെ തരിച്ചുനില്ക്കുകയായിരുന്നു.

എന്തിനാണ് തന്നെ വലിച്ചിഴക്കുന്നതെന്ന് , താൻ എന്തുതെറ്റുചെയ്തുവെന്ന് കേണപേക്ഷയോടെ ചോദിച്ചിട്ടും ആരും ഒന്നും പറഞ്ഞിരുന്നില്ല.

ജീപ്പിന്റെ പിന്നിലേക്ക് വലിച്ചെറിയപ്പെട്ടുകയായിരുന്നു.

ലോക്കപ്പിലെഅരണ്ടവെളിച്ചത്തിനുകീഴെ, മൂന്നോ നാലോപേരുടെ പീഡനത്തിന് വിധേയനാകുമ്പോഴും വേദനയല്ല തോന്നിയത്, മരവിപ്പാണ്,അവരുടെചോദ്യങ്ങൾക്കുമുന്നിൽ.

“ നീ അവളെ കൊന്നുകുഴിച്ചുമൂടിയോ..............?”

“എവിടെയാമൂടിയത്..”

കൺകളിലൂടെ, കാതുകളിലൂടെ,വാസനയിലൂടെ, സാജ ഉള്ളിലേക്ക്,കൂടുതൽഉള്ളിലേക്ക് വരികയായിരുന്നു.

മാധുര്യമായി, ആന്ദമായി .....

ആ ദേഹത്തൊരടി ഏല്പ്പിക്കാൻ, ഒന്നുനുള്ളാൻ പോലും, തലമുടിയൊന്നുലക്കാൻ പോലും എന്നാലാകുമോ...........

എന്നാലാകുമോ ?

അവൻ പൊട്ടിക്കരഞ്ഞു, അവളുടെ മുഖം മനക്കോണിൽ തെളിഞ്ഞുവരുന്നു............

ഒരു ദിവസം പോലീസ് സ്റ്റേഷനിലേക്ക് മുകന്ദൻ വിളിക്കപ്പെട്ടു. ഇൻസ്പക്ടറുടെ മുന്നിലെ കസേരയിൽ ഇരിയ്ക്കാൻ ഇടം കൊടുത്തു.

വളരെ ദൃഢവും വ്യക്തവുമായ സ്വരത്തിൽ ഇൻസ്പക്ടർ പറഞ്ഞു.

“മകളെ കുറിച്ചുള്ള അന്വേഷണത്തിൽ നിന്നും ലഭിക്കുന്ന ന്യൂസുകൾ അത്ര നന്നല്ല. ഇനിയും മകളെ കണ്ടെത്തിയാൽതന്നെ പല തെളിവുകൾ ശേഖരിയ്ക്കുന്നതിനായി ഞങ്ങളുടെ കസ്റ്റഡിയിൽ വയ്ക്കേണ്ടിവരാം...........”

അയാൾ നിറുത്തി ഒരു സിഗരറ്റിന ്തീകൊളുത്തി, പുകയാൽമുറിനിറച്ചു.

മുകുന്ദന് ശ്വാസം മുട്ടി..

“അവൾക്ക് അനാശാസ്യമായ പല ബന്ധങ്ങളുമുണ്ട്. ഒരു തീവ്രവാദിഗ്രൂപ്പുമായിട്ട്, അവർ നടത്തുന്ന ഡ്രഗ്സ് വ്യാപാരവുമായിട്ട്. കൂടാതെ സ്കൂൾ കാമ്പസ്സിലെ പ്രധാന ഡ്രഗ്സ് വില്പ്പനക്കാരിയും മകളാണെന്നു സംശയിക്കേണ്ട തെളിവുകളുണ്ട്”.

മുറിയിൽ നിറഞ്ഞ പുകയിൽനിന്നും മുകുന്ദൻ നിക്കോട്ടി

നെ ഉൾകൊള്ളുകയായിരുന്നു. അതിന്റ ഉണർവ്വിൽ മുകുന്ദൻ കണ്ണുകൾ കൂടുതൽ തുറന്നു, ചെവിക്കൂർപ്പിച്ചു.

“ ആ ഗ്രൂപ്പിലെ പലരും ഒത്ത് മകൾ ലോഡ്ജുകളിൽ അന്തിയുറങ്ങിയതിന്റ തെളിവുകളുണ്ട്, പല ടൂറുകളും നടത്തിയതായിട്ട് കണ്ടെത്തിയിട്ടുണ്ട് ....”

മുകുന്ദൻ ഭ്രാന്തമായൊരു ആവേശത്തിൽ ചാടിയെഴുന്നേറ്റു.

“നോ....നോ... പച്ചകള്ളമാണ്....ആർക്കോവേണ്ടി നിങ്ങൾ കഥകളുണ്ടാക്കുകയാണ്.........”

അയാൾ ശക്തിയായി മേശയിൽ ഇടിച്ചു.

മേശയിലിരുന്ന ലാത്തി, തൊപ്പി, ഭൂഗോളം ആഷ്ട്ര എല്ലാം നിലത്തുവീണ് ചിതറി.

ഓടിയെത്തിയ പോലീസുകാർ മുകുന്ദനെ മുറിയിൽനി

ന്നും പുറത്തിറക്കി വരാന്തയിലെ ബഞ്ചിലിരുത്തി, സാന്ത്വനപ്പെടുത്തി., പറഞ്ഞയച്ചു.

പിറ്റേന്ന് ആ വാർത്തകൾ പത്രങ്ങൾ എഴുതി,

നാട്ടുകാർ പറഞ്ഞു ,

പിന്നീട് ബന്ധുക്കൾ പറഞ്ഞു.

തന്റെ മകൾ, താനും അവളുടെ അമ്മയും ഉള്ളിടത്തല്ലാതെ അന്തിയുറങ്ങിയിട്ടില്ലെന്നും, മറ്റാരോപണങ്ങളൊന്നും അവളാൽ ചെയ്യാനാവില്ലെന്നും പറഞ്ഞിട്ട് ആരും വിശ്വസിക്കുന്നില്ലെന്ന് മുകുന്ദൻ അറിഞ്ഞു. അവരൊക്കെ ആവശ്യപ്പെടുന്ന തെളിവുകൾ കൊടുക്കാൻ, അവർ

നിരത്തുന്ന ഊഹാപോഹങ്ങളെ തടുക്കാൻ അയാൾക്കായില്ല.

മുകുന്ദൻ നിസ്സഹായനായി. അടച്ചിട്ട വീട്ടിൽനിന്നും പുറത്തിറങ്ങാതെയായി, ആരും ഒന്നും തിരക്കി അവിടെഎത്താറുമില്ലാതെയായി .

മുകുന്ദൻ നോക്കിനിന്നു;

ചരുവത്തിൽനിന്നും കഞ്ഞിവെള്ളം വലിച്ച് കുടിച്ചിട്ട് നിമിഷങ്ങൾ കഴിഞ്ഞതേയുള്ളൂ പശുക്കുട്ടി ഒന്നുപിടഞ്ഞു, കാലുകൾ നീട്ടിവച്ച് കിടന്നു.

എന്നാൽ തള്ളപ്പശു ഒന്നമറുകയും കണ്ണുകൾ വളരെയധികം തുറന്ന് മുകുന്ദനെ നോക്കുകയും ചെയ്തു.

അയാൾ ഒന്നുമന്ദഹസ്സിച്ചു ; പിറുപിറുത്തു.

പിന്നാലെ ഞാൻ ഉണ്ടാകും .

അടുത്ത ഊഴം കിണിയുടേതായിരുന്നു. അവൾ നിരാഹാരയായിട്ട് ദിവസങ്ങൾ കഴിഞ്ഞതിന്റെ ക്ഷീണത്തിലായിരുന്നു. പാത്രത്തിൽ കിട്ടിയ ഒരു തുടം പാലിൽ അരത്തുടത്തിൽ കൂടുതൽ കഴിക്കാനായില്ല.

പത്മജ ഞെട്ടലോടുകൂടി കണ്ണുകൾ തുറന്നു. എണ്ണമയവും അഴുക്കും നിറഞ്ഞുകിടന്നിരുന്ന ഏതോ കയത്തിൽ നിന്നും പൊന്തിവന്നിരിക്കുന്നു.

മന്വന്തരങ്ങൾക്ക് അപ്പുറത്തുനിന്നും പറന്നെത്തിയതുപോലെ .............

ആദ്യം മുകുന്ദനെ നോക്കിച്ചിരിക്കുകയാണുണ്ടായത്.

പിന്നെ...............................

കടവായിൽ ഒരു ചുവന്ന പൊട്ട്, പൊട്ടു വലുതായി, വലുതായി, രക്തസ്രാവമായി...........

പത്മജേ !

വേദനയാണ് ആദ്യം തുടങ്ങിയത്, നെഞ്ചിനിടത്തോ, വലത്തോ................?

പെട്ടന്നു വണ്ടിയുടെ നിയന്ത്രണം വിട്ടതുപോലെ,

കൊക്കയിലേക്ക് തകിടം മറിഞ്ഞ്, മറിഞ്ഞ്................

അഗാധതയിലേക്ക്..............

മുകുന്ദന്റെ കണ്ണുകൾ അടഞ്ഞു.

*******